ഡോ. യമുന.എസ്

മദ്രാസ് ഹൈക്കോടതിയുടെ ജസ്റ്റിസ് എസ്. ശ്രീമതി, പേരൻസ് പാട്രിയെ നിയമം ഉൾക്കൊണ്ട് പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി, ഏപ്രിൽ 2022ൽ ശ്രദ്ധേയമായ ഒരു വിധിന്യായം പ്രസ്താവിച്ചു. പ്രകൃതിയ്ക്ക് ഒരു വ്യക്തി എന്ന നിലയിൽ ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന എല്ലാ അവകാശങ്ങളും (rights), കടമകളും (duties), ബാദ്ധ്യതകളും (liabilities) ഉറപ്പാക്കുന്നതാണ് വിധി.

സർക്കാർ അധീനതയിലുള്ള വനപ്രദേശത്തെ പുറമ്പോക്ക് വസ്തു, വ്യക്തികൾക്ക് പതിച്ച് നൽകി എന്ന കുറ്റമാരോപിക്കപ്പെട്ട്, അച്ചടക്ക നടപടികൾക്ക് വിധേയനായ തഹസിൽദാർ തലത്തിലുള്ള ഒരു മുൻ ഉദ്യോഗസ്ഥൻ നൽകിയ പരാതിയുടെ




ഇക്വഡോറിലെ ലൊ സെഡ്രോസിലെ ഖനനത്തിനെതിരെയുള്ള പ്രക്ഷോഭം. ചിത്രം: ഗൂഗിൾ ഇമേജസ്

# പേരൻസ് പാട്രിയെ

## നിയമവും പരിസ്ഥിതിസംരക്ഷണവും



തമിഴ്നാട്ടിലെ മേഘമലൈ. ചിത്രം: on manorama



ഉത്തരാഖണ്ഡിലെ ഗംഗോത്രി ഹിമാനി. ചിത്രം: എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക

> പ്രായപൂർത്തിയാകാത്ത മക്കൾ, ശാരീരിക മാനസിക വൈകല്യങ്ങളുള്ള വ്യക്തികൾ എന്നിവർക്ക് അവരുടെ സുരക്ഷയുടെ കാവലാളായ രക്ഷകർത്താവ് മൂലം അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, ഒരു സംസ്ഥാന/രാജ്യത്തിന്റെ പരമാധികാരം ഉപയോഗിച്ച് മേൽപറഞ്ഞ വ്യക്തിയുടെ രക്ഷകർതൃത്വം ഏറ്റെടുത്തുകൊണ്ട് ഭരണഘടന അനുശാസിക്കുന്ന നിയമപരമായ എല്ലാ സംരക്ഷണവും ഉറപ്പാക്കുന്നതാണ് പേരൻസ് പാട്രിയെയുടെ അധികാര പരിധി.

അടിസ്ഥാനത്തിലാണ് മേൽ വിധി പ്രസ്താവം. രമണീയമായ നിത്യഹരിതവനങ്ങളും ഏലക്കാടുകളുമടങ്ങിയ തമിഴ്നാടിന്റെ വനമേഖലയായ മേഘമലൈയിലെ പുറമ്പോക്ക് വസ്തു, വ്യക്തിഗതമായി പതിച്ച് നൽകിയ ഉദ്യോഗസ്ഥന്റെ നടപടി തെറ്റാണെന്നതിനാൽ, അത് റദ്ദാക്കിക്കൊണ്ടുള്ള വിധിന്യായത്തിൽ ഉദ്യോഗസ്ഥന്റെ നിർബന്ധിത വിരമിക്കൽ ഒഴിവാക്കുന്നതിനും, പകരം ആറ് മാസത്തെ ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുന്നതിനും നിഷ്കർഷിച്ചിരിക്കുന്നു.

### എന്താണ് പേരൻസ് പാട്രിയെയുടെ അധികാരപരിധി?

ലാറ്റിൻ ഭാഷയിലുള്ള പേരൻസ് പാട്രിയെയുടെ അർത്ഥം രാജ്യത്തിന്റെ രക്ഷകർത്താവ് എന്നാണ്. പ്രായപൂർത്തിയാകാത്ത മക്കൾ, ശാരീരിക മാനസിക വൈകല്യങ്ങളുള്ള വ്യക്തികൾ എന്നിവർക്ക് അവരുടെ സുരക്ഷയുടെ കാവലാളായ രക്ഷകർത്താവ് മൂലം അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, ഒരു സംസ്ഥാന/രാജ്യത്തിന്റെ പരമാധികാരം ഉപയോഗിച്ച് മേൽപ്പറഞ്ഞ വ്യക്തിയുടെ രക്ഷകർതൃത്വം ഏറ്റെടുത്തുകൊണ്ട് ഭരണഘടന അനുശാസിക്കുന്ന നിയമപരമായ എല്ലാ സംരക്ഷണവും ഉറപ്പാക്കുന്നതാണ് പേരൻസ് പാട്രിയെയുടെ അധികാര പരിധി.

മദ്രാസ് ഹൈക്കോടതി വിധി പറഞ്ഞ കേസിൽ പ്രകൃതിക്ക് നിയമപരമായ വ്യക്തി പരിരക്ഷയാണ് നൽകിയിരിക്കുന്നത്. ഇതിനെ സാധൂകരിക്കുന്നതാകട്ടെ, 2017ൽ ഉത്തരാഖണ്ഡ് ഹൈക്കോടതി പേരൻസ് പാട്രിയെ അധികാര പരിധി ഉപയോഗിച്ച് മലിനീകരണ ഭീഷണി നേരിടുന്ന ഗംഗ, യമുന നദികളെയും അവയുടെ പ്രഭവകേന്ദ്രമായ ഗംഗോത്രി, യമുനോത്രി ഹിമാനികളുടെയും (glaciers) നിയമപരമായ വ്യക്തിത്വ പരിരക്ഷ നൽകി മനുഷ്യ ചൂഷണം തടയുന്നതിനായി സംരക്ഷണം ഉറപ്പാ

ക്കിയ വിധിന്യായമാണ്.

## പ്രകൃതി വിഭവങ്ങൾക്ക് വ്യക്തിത്വ പദവി നൽകി പരിപാലിക്കുന്ന ലോകരാജ്യങ്ങൾ

ഉത്തരാഖണ്ഡ് ഹൈക്കോടതി വിധി, 2017ൽ ന്യൂസിലൻഡിലെ കോടതിയുടെ അനിതരസാധാരണമായ വിധിയുടെ വെളിച്ചത്തിലാണ് രൂപം കൊണ്ടത്. തദ്ദേശീയരായ മാവരി (Maori) ഗ്രോത്ര വർഗ്ഗം പുണ്യ നദിയായി കരുതുന്ന വാങ്നുയി (Whanghanui) നദിയുടെ അസ്തിത്വം അംഗീകരിച്ച്, ലോകത്താദ്യമായി ഒരു നദിക്ക് വ്യക്തിഗത നിയമ പരിരക്ഷ നൽകി സംരക്ഷണ ചുമതല ഏറ്റെടുക്കുന്നത് ന്യൂസിലൻഡാണ്.

2021 ൽ ഇക്വഡോറിന്റെ വടക്ക് പടിഞ്ഞാറൻ പ്രദേശത്തെ ജൈവവൈവിധ്യമേറിയ മഴക്കാടുകളാൽ നിബിഡമായ ലൊ സെഡ്രോസ് (Los Cedros) സംരക്ഷിത മേഖലയിൽ നടത്തിയിരുന്ന ഖനനത്തിന് വിരാമമിടുന്ന കോടതി വിധി വന്നിരുന്നു. ആ മേഖലയിലെ ജീവജാതികൾ (species) നേരിടുന്ന വംശനാശ ഭീഷണിയും ആവാസവ്യവസ്ഥാ നാശവും കണക്കിലെടുത്ത് പ്രകൃതിയുടെ അവകാശങ്ങൾക്ക് മേലുള്ള ചൂഷണമവസാനിപ്പിക്കുന്നതിനായിരുന്നു തുടർ നടപടികൾ. സർക്കാർ അധീനതയിലുള്ള ഖനന കമ്പനിയായ ഇനാമി (Enami) യ്ക്കും സഹകരിച്ച് പ്രവർത്തിച്ചിരുന്ന കനേഡിയൻ കമ്പനിയായ കോർണർസ്റ്റോ ക്യാപിറ്റൽ റിസോർസിനും കോടതി വിധിയോടെ പ്രവർത്തനങ്ങൾ പൂർണ്ണമായി നിർത്തലാക്കേണ്ടിവന്നു.

2022 ൽ ഇക്വഡോറിനെപ്പോലെ തന്നെ മറ്റൊരു ലാറ്റിനമേരിക്കൻ രാജ്യമായ പനാമയിൽ, മനുഷ്യനും, കോർപ്പറേഷനുകൾക്കും, ട്രസ്റ്റുകൾക്കുമെല്ലാമുള്ള അവകാശങ്ങൾ (rights) പ്രകൃതിയ്ക്ക് നൽകുന്ന ബില്ല് നാഷണൽ അസംബ്ലിയിൽ പാസ്സാക്കി. പ്രകൃതിക്ക് നൽകിയിരിക്കുന്ന നിർവ്വചനം 'ആവാസവ്യവസ്ഥയും അതിലുൾപ്പെടുന്ന ജീവജാലങ്ങളും ഉപഘടകങ്ങളുമെല്ലാം പാരസ്പര്യത്തിലൂടെ ഇടപഴകി, അതിലടങ്ങിയിരിക്കു എല്ലാ ജീവജാലങ്ങളുടെയും പ്രത്യുത്പാദനവും നിലനിൽപ്പും ഉറപ്പുവരുത്തുന്ന അതുല്യവും, അവിഭാജ്യവും, സ്വയം നിയന്ത്രിതവുമായ ഒരു സമൂഹമെന്നാണ്.

## നിയമപരമായ വ്യക്തിത്വത്തിന്റെ നൂലാമാലകളും പഴുതുകളും

പക്ഷേ, 2017ൽ തന്നെ സുപ്രീം കോടതി ഗംഗ, യമുന നദികൾക്ക് നിയമപരമായ വ്യക്തിത്വ പരിരക്ഷ നൽകിയ ഉത്താരാഖണ്ഡ് ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കുന്നത് മരവിപ്പിച്ചിരുന്നു. വ്യക്തികളായി പരിഗണന ലഭിക്കുന്ന ഈ നദികൾ മൂലമുള്ള പ്രകൃതി ദുരന്തങ്ങൾ, വെള്ളപ്പൊക്കം എന്നീ സാഹചര്യങ്ങളിൽ ഇന്ത്യയിലെ ഏതൊരു പൗരനും ഇവയ്ക്കെതിരെ നിയമ നടപടി തേടാൻ കഴിയുമെന്നും, നഷ്ടപരിഹാരം ആര് നൽകുമെന്നും, കൂടാതെ പല സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന നദികളുടെ രക്ഷകർതൃത്വം ആര് ഏറ്റെടുക്കും മുതലായ ഉത്തരമില്ലാത്ത ചോദ്യങ്ങളാണ് സുപ്രീം കോടതി ഉന്നയിച്ചത്. ഇക്കാര്യത്തിലൊരു അന്തിമ വിധി അഞ്ചു വർഷങ്ങളോളം ആയെങ്കിലും സുപ്രീം കോടതി പ്രസ്താവിച്ചിട്ടില്ല.

ഇന്ത്യൻ വിധിന്യായങ്ങളിൽ നിന്നും വ്യത്യസ്തത പുലർത്തുതാണ് പനാമയുടേത്. പ്രകൃതിയ്ക്ക് നൽകിയിരിക്കുന്ന അവകാശങ്ങൾ ഇപ്രകാരമാണ്.

1. സ്വാഭാവികമായ ജീവിത ചക്രങ്ങളുടെ നിലനിൽപ്പിനും, പുനരുജ്ജീവനത്തിനും, നിർബാധം തുടരുതിനുമുള്ള അവകാശം.
2. ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുതിനുള്ള അവകാശം
3. മനുഷ്യ പ്രവൃത്തികൾ മൂലം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ പഴയ അവസ്ഥയിലേക്ക് പുനഃ സ്ഥാപിക്കപ്പെടുതിനുള്ള അവകാശം.

ഇതിൽ പ്രകൃതിക്ക് ഒരു വ്യക്തി എന്ന നിലയിലുള്ള അവകാശങ്ങൾക്ക് മാത്രമാണ് പ്രസക്തി, കടമകളോ ബാദ്ധ്യതകളോ ബാധകമല്ല. എന്നാൽ ഇത്തരം വിധിന്യായങ്ങളിലൊന്നും സംരക്ഷണ മേഖലയിലെ ആക്രമണകാരികളായ അധിനിവേശ ജാതികളെക്കുറിച്ച് (invasive alien species) പരാമർശിക്കപ്പെട്ടിട്ടില്ല. ഏത് സ്വാഭാവിക ആവാസവ്യവസ്ഥയിലെയും ജൈവ വൈവിധ്യത്തിനുള്ള


ന്യൂസിലൻഡിലെ വാങനുയി നദിയും മാവരികളും. ചിത്രം: ബിബിസി




വലിയൊരു ഭീഷണിയാണ് സസ്യങ്ങളും, മൃഗങ്ങളും, പ്രാണികളും, സൂക്ഷ്മജീവികളും, പക്ഷികളുമടങ്ങു അധിനിവേശ ജാതികൾ.

ഇതിനൊരുദാഹരണം വിശദീകരിക്കാം. കൊളംബിയയുടെ മയക്കുമരുന്നു പ്രഭുവായിരുന്ന പാബ്ലോ എസ്കോബാർ 1980 കളിൽ ആഫ്രിക്കയിൽ നിന്നും അനധികൃതമായി ഇറക്കുമതി ചെയ്ത് ഹിപ്പോപ്പൊട്ടാമസിന്റെ ഒരു പറ്റത്തെ കൊളംബിയയിലുള്ള അദ്ദേഹത്തിന്റെ വിശാലമായ എസ്റ്റേറ്റായ ഹാസിയെന്ത നാപ്പൊളിസ് (Hacienda Napoles) ലെ സ്വകാര്യ മൃഗശാലയിൽ സംരക്ഷിച്ചിരുന്നു. 1993 ൽ എസ്കോബാറിന്റെ മരണത്തോടെ ഹിപ്പോകൾ അടുത്തുള്ള നദികളിൽ പെറ്റുപെരുകി നഗര പ്രദേശങ്ങളിലേക്ക് വ്യാപിച്ചു തുടങ്ങി. അധിനിവേശ ജീവിയായ ഇവയുടെ സ്വാഭാവിക predators ഇല്ലാത്തതിനാൽ തന്നെ തനത് ജീവജാലങ്ങളുടെ ഭക്ഷണത്തിനും പാർപ്പിടത്തിനുമുള്ള മാത്സര്യം കൂടി, അങ്ങനെ ജൈവവൈവിധ്യ ശോഷണത്തിലേയ്ക്ക് പോലും ആ ആവാസവ്യവസ്ഥ എത്തിച്ചേരാം. നിലവിൽ 130 എണ്ണമുള്ളത് എട്ട് വർഷത്തിനുള്ളിൽ 400 ആകുമൊണ് കണക്കുകൾ പറയുന്നത്. അധിനിവേശ ജാതിയായി അവയെ പ്രഖ്യാപിക്കുന്നതോടൊപ്പം കൃത്യവും വ്യക്തവുമായ നിയന്ത്രണമാർഗ്ഗങ്ങൾക്കായി ശാസ്ത്രസാങ്കേതിക അടിത്തറയുള്ള തിരുമാനങ്ങളിലേക്ക് എത്തിച്ചേരുതിൽ ശ്രദ്ധയൂട്ടി കൊളമ്പിയൻ സർക്കാർ സാമൂഹ്യാടിസ്ഥാനത്തിലുള്ള ചർച്ചകളും മറ്റും നടത്തിവരുന്നു.

2022 മാർച്ചിൽ ബയോളജിക്കൽ ഇന്നൊവേഷൻസ് എന്ന ശാസ്ത്ര ജേർണലിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു പഠനമനുസരിച്ച് അമേരിക്കയ്ക്ക് ശേഷം രണ്ടാമതായി ഇന്ത്യയാണ് ലോകത്ത് ഏറ്റവുമധികം പണം (127.3 ശതകോടി ഡോളർ) അക്രമണകാരികളായ അധിനിവേശ ജാതികളുടെ നിയന്ത്രണത്തിനായി കഴിഞ്ഞ അറുപതുവർഷങ്ങളായി ബഡ്ജറ്റിൽ വകയിരുത്തിയ രാജ്യം. 2000 അധിനിവേശ ജാതികളിൽ 300 എണ്ണമാണ് ഇന്ത്യയിൽ അക്രമണകാരികളായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ തന്നെ മൃഗങ്ങളും, പ്രാണികളും, ചെടികളും ഉൾപ്പെടു 10 എണ്ണത്തിനാണ് ഇത്രയും ചിലവായിരിക്കുന്നത് എന്നത് അമ്പരപ്പിക്കുന്ന വസ്തുതയാണ്.

മനുഷ്യ കേന്ദ്രീകൃതമായ രീതിയിൽ നിന്നും വിഭിന്നമായി പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്ന തരത്തിലുള്ള സമകാലിക നിയമശാസ്ത്രത്തിന്റെ മാതൃകാപരമായ മാറ്റം അഭിനന്ദനാർഹമാണ്. ഇന്ത്യയിലാദ്യമായി പ്രകൃതിക്ക് നിയമപരമായ വ്യക്തിത്വം നൽകുന്ന വിധി മദ്രാസ് ഹൈക്കോടതിയുടേതാണ്. പ്രകൃതി എന്നതൊരു ബൃഹത് ഘടനയാണ്. സസ്യ ജന്തു പ്രാണി പക്ഷി സൂക്ഷ്മ ജീവികളാൽ നിബിഡമായ മേഘമലൈ പോലെയുള്ള ഒരു പ്രദേശത്തിന് അവകാശങ്ങൾ നൽകുമ്പോൾ അവ എന്തൊക്കെയാണ്, ആർക്കൊക്കെ ബാധകമാണ്, എത്തരത്തിലാണ് പരിപാലിക്കപ്പെടേണ്ടത്, നടപ്പിലാക്കേണ്ടത് എന്നൊക്കെയുള്ള പുതിയ ചോദ്യങ്ങളിലേയ്ക്ക് വിരൽ ചൂണ്ടപ്പെടുന്നുണ്ട്. അന്യ രാജ്യങ്ങളിലെ മാതൃകകളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട്, നമ്മുടെ നാടിന്റെ നിയമപരമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, ഒരു രാജ്യമെന്നനിലയിൽ വൈവിധ്യങ്ങളേറെയുള്ള ഇന്ത്യയുടെ പാരിസ്ഥിതിക, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസൃതമായി ഇത്തരം ചോദ്യങ്ങൾക്കുള്ള നയപരമായ ഉത്തരങ്ങളും നിർവചനങ്ങളും കണ്ടെത്താനായാൽ മാത്രമേ നിയമങ്ങൾ കാര്യക്ഷമതയോടെ നടപ്പിലാക്കാനാകൂ.

*പ്രിൻസിപ്പൽ സയന്റിഫിക്*
*ഓഫീസർ*
*കേരള ജൈവവൈവിധ്യ*
*ബോർഡ്*
*തിരുവനന്തപുരം.*
*ഫോൺ: 8086915318.*